## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3553** **27-06-2024 - ൽ മറുപടിയ്ക്ക്**

## കർഷക ക്ഷേമനിധി പെൻഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷക ക്ഷേമനിധി പെൻഷൻ പദ്ധതിയിൽ നാളിതുവരെ എത്ര കർഷകർ അംഗങ്ങളായിട്ടുണ്ട്; | (എ) | ക്ഷേമനിധി ബോർഡിൽ 18407 കർഷകർ അപേക്ഷിച്ചതിൽ നാളിതുവരെ 15107 കർഷകർ രജിസ്ട്രേഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങളിലുമാണ്. |
| (ബി) | പ്രസ്തുത പെൻഷൻ പദ്ധതിയ്ക്ക് സർക്കാർ വിഹിതമായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | കർഷകർ ഒടുക്കുന്ന അംശദായത്തിനു ആനുപാതികമായിട്ടുള്ള തുക അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | കർഷകർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; കൂടുതൽ കർഷകരെ പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് നടപടി കൈക്കൊള്ളുമോ? | (സി) | കേരള കർഷക ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിനു അർഹതയുള്ളത്. അംഗത്വ രജിസ്ട്രേഷൻ ഓൺലൈനായി ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തിയ്യതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യം നല്കുന്നത്. പെൻഷനും മറ്റ് ആനുകൂല്യങ്ങളും കർഷകർക്ക് നൽകുന്നതിനു വേണ്ടിയുള്ള കേരള കർഷക ക്ഷേമനിധി പദ്ധതിയുടെ കരട് രൂപരേഖ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.<br><br>ജില്ലാതലത്തിൽ കർഷക രജിസ്ട്രേഷൻ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള ജില്ലാതല പ്രചാരണ പരിപാടിയും മെമ്പർഷിപ്പ് കാമ്പയിനും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ